THURSDAY 26/12/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/12/2024

1. ഈ വർഷത്തെ 'കരപ്പുറം കാഴ്ച്ച' കാർഷിക പ്രദർശന-വിപണന, സാംസ്കാരിക, കലാമേള ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനത്ത് നടക്കുന്നു. നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, കാർഷിക സെമിനാറുകൾ, ബി 2 ബി മീറ്റുകൾ, ഇൻകുബേറ്റർ സെൻറർ, കാർഷിക വായ്പാ സഹായകേന്ദ്രങ്ങൾ, കാർഷിക പഠന ക്ലാസുകൾ, തദ്ദേശീയ കലാകാരന്മാരുടെ കലാസാംസ്കാരിക പരിപാടികൾ എന്നിവ കരപ്പുറം കാഴ്ചയോടനുബന്ധിച്ച് നടക്കുന്നു.

2. സംസ്ഥാനത്ത് ജൈവവളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന എല്ലാ ഡീലർമാരും അവരവരുടെ ജൈവ വളം സാമ്പിളുകൾ കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അഗ്രിക്കൾച്ചറിൻ്റെ ഡിപ്പാർട്മെൻ്റ് ഓഫ് സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചറൽ കെമിസ്ട്രിയിൽ പ്രവർത്തിച്ചു വരുന്ന ലാബിൽ 2024 ഡിസംബർ 31 നു മുൻപ് എത്തിച്ച് പരിശോധന വിധേയമാക്കേണ്ടതാണ് എന്ന് കൃഷി അഡിഷണൽ ഡയറക്ടർ (സി പി ) അറിയിക്കുന്നു

3. ഉത്തരമേഖലാ കാർഷിക ഗവേഷണ കേന്ദ്രം 2025 ജനുവരി 1 മുതൽ 20 വരെ നടത്തുന്ന ഫാം കാർണിവലിൽ വിവിധ വിഷയങ്ങളിൽ പരിശീലന സെമിനാറുകൾ നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ 8075659289 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ കർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ഡിസംബർ 31 വരെ നീട്ടി. കേന്ദ്ര ഗവണ്മെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ് സൈറ്റിലെ ഇ സർവീസസ് മെനു വഴി ലോഗിൻ ചെയ്യാം. റെയിൻഗാർഡിങ്ങിനും മരുന്നുതളിക്കുന്നതിനും റബ്ബറുത്പാദകസംഘങ്ങൾ മുഖേന നൽകുന്ന സാമ്പത്തിക സഹായങ്ങൾക്കുള്ള അപേക്ഷകളും 2024 ഡിസംബർ 31 വരെ വെബ് പോർട്ടൽ വഴി ഓൺലൈനായി സ്വീകരിക്കും. വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാനവ്യാപനവിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 35 ദിവസം പ്രായമായ BV 380 കോഴികുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് 160/- രൂപ (നൂറ്റി അറുപത് രൂപ മാത്രം). ബുക്കിങ്ങിനായി രാവിലെ 10 മണി മുതൽ 4 മണി വരെ 0487 2370773 എന്ന ഫോൺ നമ്പരിൽ വിളിക്കേണ്ടതാണ്.

### പരിശീലന പരിപാടി

6. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ SCSP പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി (SC) കർഷകർക്ക് 'വേനൽക്കാലത്തെ പയർ വർഗ്ഗ കൃഷി" എന്ന വിഷയത്തിൽ മലപ്പുറം, തവനൂർ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് 31/12/2024 ന രാവിലെ 10 AM മുതൽ 2.00 PM വരെ ഒരു ദിവസത്തെ സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. ക്ലാസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഡിസംബർ 28-ന 3 മണിക്ക് മുൻപായി 8547193685 എന്ന നമ്പരിൽ ഫോൺ ചെയ്തു രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ലാസിനു വരുമ്പോൾ ആധാർകാർഡ്, ജാതി തെളിയിക്കുന്ന രേഖ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം